# 29. അണുവൈദ്യുതീനിലയത്തകരാറ് രാജസ്ഥാനിൽ

അണുവൈദ്യുതീനിലയങ്ങളിലെ ആപകടസാദ്ധ്യതകളെപ്പററി സൂചനകൾ ധാരാളം ലഭിച്ചിരുന്നിട്ടും, 1986 ഏപ്രിൽ 26-ാം തീയതിവരെ, അണുവൈദ്യുതീനിർമാണം വ്യാപിപ്പിക്കുന്നതിനു് അനുകൂലമായ അന്തരീക്ഷമാണു് മിക്ക രാജ്യങ്ങളിലും നിലവിലിരുന്നതു്. ലോകത്തിലെ മൊത്തം വൈദ്യുതീനിർമാണത്തിൽ 13 ശതമാനത്തോളം 1985-ൽ നൽകിയിരുന്നതു് അണുവൈദ്യുതീനിലയങ്ങളായിരുന്നു. താരതമ്യേന ഏററവുമധികം അണുവൈദ്യുതി നിർമിച്ചിരുന്നതു് ഫ്രാൻസ് ആയിയിരുന്നു—ആ രാജ്യത്തു് ഉല്പാദിപ്പിച്ചിരുന്ന മൊത്തം വൈദ്യുതിയുടെ 58.7 ശതമാനം. 40.6 ശതമാനം വൈദ്യുതി അണുവൈദ്യുതീനിലയങ്ങളിൽ നിർമിച്ചിരുന്ന സ്വീഡൻ ഫ്രാൻസിന്റെ തൊട്ടു താഴെ നിന്നു. അമേരിക്കയിൽ നിർമിച്ചിരുന്ന വൈദ്യുതിയുടെ 13.5 ശതമാനമേ അണുവൈദ്യുതീനിലയങ്ങളിൽനിന്നു ലഭിച്ചിരുന്നുള്ളു. 1979 മാർച്ച് 28-ാം തീയതി പെൻസിൽവാനിയ സ്റ്റേററിൽ 'ത്രീ മൈൽ ഐലൻഡ്' എന്ന സ്ഥലത്തുള്ള അണുവൈദ്യുതീനിലയത്തിൽ സംഭവിച്ച അപകടത്തെ തുടർന്നു്, പുതിയ അണുവൈദ്യുതീനിലയങ്ങളുടെ നിർമാണം അമേരിക്കയിൽ നിർത്തിവെച്ചിരിക്കുകയാണു്. ഇന്ത്യയിൽ മൊത്തം വൈദ്യുതിയുടെ മൂന്നു ശതമാനത്തിൽ താഴെ മാത്രമേ അണുവൈദ്യുതീനിലയങ്ങളിൽ നിർമിക്കുന്നുള്ളു. ഇവിടെ 1230 മെഗാവാട്ട് (ഒരു മെഗാവാട്ട് പത്തുലക്ഷം വാട്ട്) വിദ്യുച്ഛക്തി നിർമിക്കാൻ കഴിവുള്ള ആറു് റിയാക്ടറുകൾ പ്രവർത്തിച്ചുവരുന്നു; 940 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിവുള്ള നാലു റിയാക്ടറുകൾ നിർമിച്ചുകൊണ്ടിരിക്കുകയുമാണു്. അടുത്ത പതിന്നാലു വർഷങ്ങൾക്കുള്ളിൽ ഇരുപത്തിരണ്ടു റിയാക്ടറുകൾ കൂടി നിർമിച്ചു് അണുവൈദ്യുതീനിലയങ്ങളുടെ നിർമാണക്ഷമത 10,000 മെഗാവാട്ട് ആയി ഉയർത്താനാണു് ഇന്ത്യാഗവണ്മെന്റ് ഉദ്ദേശിക്കുന്നതു്. അപ്പോൾ ആകെ ഇന്ത്യയിൽ നിർമിക്കുന്ന വൈദ്യുതിയുടെ പത്തു ശതമാനം അണുവൈദ്യുതിയായിരിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

1986 ഏപ്രിൽ 26-ാം തീയതി സോവിയററ്യൂണിയനിലെ ചെർണോബിൽ എന്ന സ്ഥലത്തുള്ള അണുവൈദ്യുതീനിലയത്തിൽ സംഭവിച്ച പൊട്ടിത്തെറി, അണുവൈദ്യുതീവികസനത്തെപ്പററി നടുക്കത്തോടെ പുനരാലോചിക്കാൻ ലോകരാഷ്ട്രങ്ങളെ പ്രേരിപ്പിച്ചു. അണുവൈദ്യുതീനിലയങ്ങളെക്കുറിച്ചു് താഴെ ചേർക്കുന്ന അടിസ്ഥാനവസ്തുതകൾ ഇന്നു് ഏറെക്കുറെ സാർവത്രികമായി അംഗീകരിക്കപ്പെട്ടിട്ടുണ്ടു്.

1. അണുബോംബുപോലെ അണുവൈദ്യുതീനിലയവും പൊട്ടിത്തെറിച്ചേക്കാം (അണുവൈദ്യുതീനിലയങ്ങളിൽ പൊട്ടിത്തെറി ഉണ്ടാവില്ലെന്നും, ചൂടു് അതിരു കവിഞ്ഞു വർദ്ധിക്കുന്നതോടെ റിയാക്ടർ സ്വയം പ്രവർത്തനരഹിതമാവുമെന്നും ആണു് മുമ്പു് വിശ്വസിച്ചിരുന്നതു്. ഈ വിശ്വാസം തെററാണെന്നു് ചെർണോബിൽ തെളിയിച്ചു).
2. പൊട്ടിത്തെറിയോ, 'ചോർച്ച'യോ, മററു് അപകടങ്ങളോ ഉണ്ടാവുന്നപക്ഷം, വലിയ തോതിൽ മരണവും ആരോഗ്യഹാ

നിയും അണുവൈദ്യുതീനിലയങ്ങളുടെ അടുത്തുള്ളവർക്ക് സംഭവിക്കാം; ചുററുമുള്ള വളരെയധികം സ്ഥലം മനുഷ്യവാസയോഗ്യമല്ലാതായിത്തീരുകയുംചെയ്യാം.

3. അണുവൈദ്യുതീനിർമാണത്തിന് താങ്ങാനാവാത്തത്ര ചെലവുണ്ട്. അണുവൈദ്യുതി ഒരിക്കലും ലാഭകരമാവില്ല.

4. അണുവൈദ്യുതീനിലയങ്ങൾ അല്പായുസ്സുകളാണ്. ഏതാണ്ട് മുപ്പത്തഞ്ചു വർഷം പ്രവർത്തിക്കുമ്പോഴേക്ക്, അണുപ്രസരണം മൂലം അവ നിരുപയോഗങ്ങളായിത്തീരുന്നു. പിന്നീട് അവ പൊളിച്ചുകളയുക മാത്രമേ ചെയ്യാവുന്നതായുള്ളു.

5. അണുവൈദ്യുതീനിലയങ്ങളിൽ അന്നന്നുണ്ടാവുന്ന മാലിന്യങ്ങളും, നിരുപയോഗങ്ങളായിത്തീർന്ന അണുവൈദ്യുതീനിലയങ്ങളും, മാരകമായ അണുപ്രസരണവിപത്ത് ഉൾക്കൊള്ളുന്നവയാണ്. ഈ മലിനവസ്തുക്കളുടെ അളവ്, മുമ്പ് വിചാരിച്ചിരുന്നതിൽനിന്ന് എത്രയോ അധികമാകുന്നു. അവ ശേഖരിച്ച്, കഴിച്ചുമൂടുകയെന്ന പ്രശ്നത്തിന് ഇനിയും പരിഹാരമുണ്ടായിട്ടില്ല.

ഇക്കാരണങ്ങളാൽ, പുതിയ അണുവൈദ്യുതീനിലയങ്ങൾ നിർമിക്കുന്നതിൽ ഇന്ന്, കേരളത്തിലെ ചില മന്ത്രിമാർക്കൊഴികെ, ആർക്കും വലിയ ഉത്സാഹമില്ല. നിലവിലുള്ള അണുവൈദ്യുതീനിലയങ്ങൾതന്നെ പൊളിച്ചുകളയുന്നതിനെപ്പററി സമ്പന്നരാജ്യങ്ങൾ ആലോചിച്ചുതുടങ്ങിയുമിരിക്കുന്നു.

പടിഞ്ഞാറേ ജർമനിയിലെ ബോൺനഗരത്തിൽ 1986 സെപ്തംബർ 3—ാം തീയതി പ്രസിദ്ധീകരിച്ച രണ്ടു പഠനങ്ങൾ സമർത്ഥിക്കുന്നത്, രാജ്യത്തിലെ അണുവൈദ്യുതീനിലയങ്ങൾ ക്രമേണ പൊളിച്ചുകളയുന്നത് 'സാങ്കേതികമായി സാധ്യവും സാമ്പത്തികമായി അഭിലഷണീയവും' ആണെന്നത്രേ. പടിഞ്ഞാറേ ജർമനിയിലെ ധനശാസ്ത്രമന്ത്രാലയം നിയമിച്ച വിദഗ്ധ സംഘങ്ങളാണ് ഈ പഠനങ്ങൾ നടത്തിയത്. അണുവൈദ്യുതീനിലയങ്ങൾ ഉടൻ അടച്ചുപൂട്ടുന്നതു നിമിത്തം ജർമനിയിലെ സമ്പദ്‌വ്യവസ്ഥയും പരിസ്ഥിതിയും കുഴപ്പത്തിലാകാനിടയുണ്ടെങ്കിലും, പുതിയ നിലയങ്ങൾ പണിയാതിരിക്കുകയും, ഇപ്പോൾ ഉള്ള നിലയങ്ങൾ ഇനിയങ്ങോട്ടു വരുന്ന ഇരുപതു വർഷങ്ങൾക്കുള്ളിൽ പൊളിച്ചുകളയുകയുംചെയ്യുന്നത് തികച്ചും സാധ്യമാണെന്ന് ഈ പഠനങ്ങളിലൊന്ന് അഭിപ്രായപ്പെടുന്നു. ഈ ശതാബ്ദം അവസാനിക്കുമ്പോഴേക്ക പടിഞ്ഞാറേ ജർമനിക്കാവശ്യമുള്ള ഊർജത്തിൽ 65 ശതമാനവും കല്ക്കരിയിൽനിന്നു ലഭ്യമാക്കാം. ഇതിൻഫലമായി വായുമലിനീകരണം, വളരെയൊന്നും, അധികമാവില്ല; വൈദ്യുതിയുടെ വിലയിലും മൂന്നു ശതമാനത്തിലേറെ വർദ്ധന വരികയില്ല. അണുവൈദ്യുതിയുടെ തിരോധാനം ജർമൻ സമ്പദ്‌വ്യവസ്ഥയിൽ കാണാവുന്ന യാതൊരു മാററവും വരുത്തുകയുമില്ല.

ജർമനിയിൽ അണുവൈദ്യുതീനിർമാണം ഉടൻതന്നെ വേണ്ടെന്നു വയ്ക്കുന്നതിന്റെ ഗുണങ്ങൾ, അതുകൊണ്ടുണ്ടായേക്കാവുന്ന ദോഷങ്ങളേക്കാൾ, എത്രയോ അധികമാണെന്നത്രേ, രണ്ടു സ്വതന്ത്രഗവേഷണസ്ഥാപനങ്ങൾ ചേർന്നു തയ്യാറാക്കിയ രണ്ടാമത്തെ പഠനം സ്ഥാപിക്കുന്നത്. വൈദ്യുതീനിർമാണത്തിനു കൽക്കരിയും എണ്ണയും കൂടുതൽ ഉപയോഗിക്കുന്നതുനിമിത്തം ഉളവായേക്കാവുന്ന വായുദൂഷണം തടയുന്നതിനുള്ള മാർഗങ്ങൾ ഈ പഠനത്തിൽ നിർദേശിക്കുന്നുണ്ട്. അണുവൈദ്യുതീനിർമാണം തടയുന്നതുമൂലം വ്യവസായത്തിൽ ഒരു 'നവീകരണതരംഗം'

(ഇന്നവേററിവ് ബൂസ്റ്റ്) ഉളവാകുമെന്നും ഈ പഠനം അഭിപ്രായപ്പെടുന്നു.

1986 സെപ്തംബർ 5—ാം തീയതിയിലെ 'സ്റ്റേററ്സ്മാൻ' പത്രത്തിൽ ഈ പഠനങ്ങളും സംബന്ധിച്ച ഒരു ചെറിയ വാർത്താക്കുറിപ്പ് ഉണ്ട്. അണുവൈദ്യുതീനിർമാണം തുടർന്നുപോവുകതന്നെ വേണമെന്നു വാദിക്കുന്ന പടിഞ്ഞാറേ ജർമനിയിലെ ഭരണകക്ഷിയെ ഈ പഠനങ്ങളും കുഴപ്പത്തിലാക്കിയിരിക്കുകയാണെന്നും, അണുവൈദ്യുതീനിലയങ്ങളും ഉടൻ അടച്ചുപൂട്ടണമെന്ന് ആവശ്യപ്പെടുന്ന സോഷ്യൽ ഡെമോക്രാററുകളും, 'പച്ച'കളും (ഗ്രീൻസ്) എന്നീ എതിർകക്ഷികളുടെ കൈകളെ അവ ശക്തിപ്പെടുത്തിയിട്ടുണ്ടെന്നും ഈ വാർത്താക്കുറിപ്പു തുടരുന്നു.

ഇന്ത്യയിൽ ഇപ്പോഴും വൈദ്യുതി ഉല്പാദിപ്പിച്ചുകൊണ്ടിരിക്കുന്ന ആറു റിയാക്ടറുകളുടെ സ്ഥിതി എന്താണ്? 'കോട്ട' എന്ന നഗരത്തിനടുത്ത് 'റാണാപ്രതാപസാഗർ' എന്ന സ്ഥലത്തുള്ളതും, ഓരോന്നും 220 മെഗാവാട്ട് വൈദ്യുതി വീതം ഉല്പാദിപ്പിക്കാൻ കഴിവുള്ള രണ്ടു റിയാക്ടറുകൾ അടങ്ങിയതും, 1977—ൽ പ്രവർത്തനം ആരംഭിച്ചതുമായ 'രാജസ്ഥാൻ ആററമിക് പവർ സ്റ്റേഷ'നിലെ ഒന്നാം യൂണിററ് എന്നന്നേക്കമായി അടച്ചുപൂട്ടേണ്ടിവന്നേക്കാമെന്ന്, 1986 ആഗസ്ററ് 23—ാം തീയതിയിലെ 'ഹിന്ദു' പത്രത്തിൽ പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ടിൽ കാണുന്നു.

നൂറെറഴുപത്തെട്ടു കോടി രൂപ ചെലവഴിച്ച് കാനഡക്കാർ നിർമിച്ചുതന്നതും, ആണ്ടുതോറും നാല്പത്താറുകോടി രൂപ പ്രവർത്തനച്ചെലവു വരുന്നതുമായ ഈ റിയാക്ടറിനു തീർക്കാനാവാത്ത കേടു വന്നിട്ടുള്ളതായി 1982—ൽ കണ്ടെത്തി. റിയാക്ടറിലെ ഇന്ധനമാർഗങ്ങളും ഒത്തു ചേരുന്നതു് സിലിൻഡർ ആകൃതിയിലുള്ള 'റിയാക്ടർപ്പാത്ര'ത്തിന്റെ വശങ്ങളിൽ ഇണക്കിച്ചേർത്തതും നിക്കൽ—കാർബൺ—സ്ററീൽകൊണ്ടു നിർമിച്ചതുമായ, 'എൻഡ് ഷീൽഡ്' എന്നു വിളിക്കപ്പെടുന്ന തകിടുകളിലാണ്. ഈ ഭാഗമത്രേ റിയാക്ടറിന്റെ കേന്ദ്രം (കോർ). അണുവികിരണം നിമിത്തം രാജസ്ഥാൻ ആററമിക് പവർ സ്റ്റേഷനിലെ ഒന്നാം റിയാക്ടറിന്റെ 'എൻഡ്ഷീൽഡ്'കൾ പൊട്ടിത്തകർന്ന നിലയിൽ (എം ബ്രിട്ടിൽഡ്) ആയി. വിള്ളലുകളിലൂടെ വെള്ളം ചോർന്നു തുടങ്ങിയതു കണ്ട് എൻജിനീയർമാർ 1981 സെപ്തംബറിൽ ഈ റിയാക്ടർ അടച്ചിട്ടു. നാലു മാസം കഴിഞ്ഞു് ഇതു വീണ്ടും പ്രവർത്തിപ്പിച്ചെങ്കിലും, 1982 മാർച്ച് 4—ാം തീയതി വീണ്ടും അടയ്ക്കേണ്ടതായിവന്നു. മുപ്പതു ലക്ഷം രൂപ ചെലവാക്കി മൂന്നു കൊല്ലം അദ്ധ്വാനിച്ച്, ഒരു രാസവസ്തു ഉപയോഗിച്ച് ഈ വിള്ളൽ എൻജിനീയർമാർ അടച്ചു. അണുവികിരണംനിമിത്തം മനുഷ്യർക്ക് അങ്ങോട്ട് അടുത്തുകൂടാ. അതിനാൽ വിദൂരനിയന്ത്രണോപകരണങ്ങളും ഉപയോഗിച്ചാണ് ഈ ജോലി ചെയ്തതു്. അങ്ങനെ 1985 ഫെബ്രുവരി 1—ാം തീയതി റിയാക്ടർ വീണ്ടും പ്രവർത്തിപ്പിച്ചു. വിള്ളൽ കൂടുതൽ സ്ഥലങ്ങളിലേക്കു വ്യാപിച്ചതായി കണ്ടതിനാൽ, മൂന്നുമാസം കഴിഞ്ഞു് റിയാക്ടർ പിന്നെയും അടച്ചു. വിള്ളൽ അടയ്ക്കുക അസാദ്ധ്യമെന്നു തെളിഞ്ഞ സ്ഥിതിക്ക് ഇനി 'എൻഡ് ഷീൽഡുകൾ' പൊളിച്ചുമാററി അവയുടെ സ്ഥാനത്തു പുതിയവ ഉറപ്പിക്കുകയാണു വേണ്ടതു്. പക്ഷേ, മനുഷ്യർക്കു സമീപിക്കാൻ വയ്യാത്ത 'റിയാക്ടർപ്പാത്ര'ത്തിൽനിന്നു പഴയ 'എൻഡ് ഷീൽഡ്'കൾ അടർത്തിയെടുത്തു്, അവിടെ പുതിയവ വെൽഡ്ചെയ്തും, സ്ക്രൂ, ബോൾട്ട് മുതലായവ ഉപയോഗിച്ചും ഘടിപ്പിക്കുന്നതിനുള്ള സാങ്കേതികവിദ്യ ഇപ്പോഴും ലോകത്തിലെവിടെയും നിലവിലില്ല. റോബോട്ടുകൾ (യന്ത്രമനുഷ്യർ) വേണം ഈ പണി ചെയ്യാൻ. ഇതിനു പററിയ റോബോട്ടുകളെ

ഇന്നോളം ആരും ഉണ്ടാക്കിയിട്ടില്ല. ഇനി ആരെങ്കിലും അവ ഉണ്ടാക്കിയാൽത്തന്നെ, ഈ പണിക്ക് അഞ്ചുവർഷം വേണ്ടിവരും. വളരെയേറെ പണം ചെലവാകുകയുംചെയ്യും. അപ്പോൾ, ചെയ്യാവുന്നതു് ഒന്നേയുള്ള: റിയാക്ടർ എന്നെന്നേക്കുമായി ഉപേക്ഷിക്കുക. 'നിലവിലുള്ള സാങ്കേതികവിദ്യകൊണ്ടു് ഈ പ്രശ്നം പരിഹരിക്കുക സാദ്ധ്യമല്ലെന്നു് ഞങ്ങൾക്കു ബോദ്ധ്യമായിരിക്കുന്നു.' എന്നു് ഇന്ത്യയിലെ ന്യൂക്ലിയർ പവർ ബോർഡിന്റെ ചെയർമാൻ ഡോക്ടർ എം. ആർ. ശ്രീനിവാസൻ പറഞ്ഞതായി പി. ടി. ഐ. രേഖപ്പെടുത്തിയിട്ടുണ്ടു്.

അതിസാഹസംചെയ്തും അതിവ്യയം സഹിച്ചും 'എൻഡ്ഷീൽഡു'കൾ മാററിവെച്ചാൽത്തന്നെ എന്തു ഫലം? ചോർച്ച തടയാൻവേണ്ടി ഈ റിയാക്ടറിലെ ഇന്ധനമാർഗങ്ങളിൽ ഏഴെണ്ണം ഇതിനകം സ്ഥിരമായി അടച്ചുകഴിഞ്ഞിരിക്കയാണു്. ഇനി അറുപതു കോടി രൂപകൂടി ചെലവഴിച്ചു് അതിന്റെ കേടു തീർത്താൽ, ചില പരീക്ഷണങ്ങൾ നടത്താനല്ലാതെ, വ്യാവസായികാടിസ്ഥാനത്തിൽ വൈദ്യുതി നിർമിക്കാൻ രാജസ്ഥാൻ അണുവൈദ്യുതീനിലയത്തിലെ 'റിയാക്ടർ—1' ഉപകരിക്കുകയില്ല.

1977—ൽ പ്രവർത്തനം ആരംഭിച്ചതുമുതൽ, 1981—ൽ ചോർച്ച കാണുന്നതുവരെയുള്ള നാലു വർഷങ്ങളിൽ ഈ റിയാക്ടറിൽ 255 കുഴപ്പങ്ങൾ തലപൊന്തിച്ചു; ഇവയുടെ ഫലമായി 571 ദിവസം ഇതിന്റെ പ്രവർത്തനം നിർത്തിവെക്കേണ്ടതായുംവന്നു. അതിന്റെ വൈദ്യുതീനിർമാണക്ഷമത ഒരിക്കലും 160 മെഗാവാട്ടിൽ അധികമായിരുന്നിട്ടില്ല. കേടുപാടുകൾ നിമിത്തം പ്രവർത്തനം നിർത്തിവെക്കേണ്ടിവരാതെ അതു തുടർച്ചയായി പ്രവർത്തിച്ച കൂടിയ കാലം മൂന്നു മാസമായിരുന്നു. 1979—ൽ കാനഡയിൽത്തന്നെ ഇത്തരമൊരു വൈദ്യുതീനിലയം നിർമിച്ച പരീക്ഷണം നടത്തുംമുമ്പാണു്, കാനഡക്കാർ ഈ നിലയം ഇന്ത്യയിൽ പണിതതു്.

രാജസ്ഥാൻ അണുവൈദ്യുതീനിലയത്തിന്റെ പരാജയത്തെപ്പററി 1986 ആഗസ്ററ് 25—ലെ 'സ്റ്റേററ്സ്മാൻ' പത്രം എഴുതിയമുഖപ്രസംഗത്തിൽ ഇങ്ങനെ പറയുന്നു:

'കാനഡക്കാർ സ്ഥാപിച്ച വൈദ്യുതീറിയാക്ടറിന്റെ പരാജയത്തിന്റെ പൂർണമായ ഉത്തരവാദിത്തം ഇന്ത്യയിലെ അണുശക്തിവകുപ്പിന്റെ അധികൃതർ വഹിക്കേണ്ടതില്ല എന്നു വാദിച്ചേക്കാം. എന്നാൽ, ഈ സാങ്കേതികവിദ്യയെ തുടക്കത്തിൽ വിലയിരുത്തിയതിൽത്തന്നെ തെററുപററിയിട്ടുണ്ടു്. പിന്നീടു നടന്ന വിലയിരുത്തലുകളുടെ ഫലങ്ങളെസ്സംബന്ധിച്ചും ചോദ്യങ്ങൾ ഉന്നയിക്കപ്പെടാം. വിവരങ്ങൾ രഹസ്യമായി വെച്ചതുകൊണ്ടു് ഒരു ഗുണവും ഉണ്ടായിട്ടില്ല. ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെട്ടതുമാത്രമാണു് അതിന്റെ ഫലം. ഈ ശതാബ്ദം അവസാനിക്കുംമുമ്പു് 10,000 മെഗാവാട്ടു് അണുവൈദ്യുതി നിർമിക്കുന്നതിനുള്ള സംവിധാനങ്ങൾകൂടി ഉണ്ടാക്കാനുള്ള ഇന്ത്യാഗവണ്മെൻറിന്റെ പരിപാടികളുടെ സാധ്യതയിലും സാധുതയിലും ജനങ്ങൾക്കു സംശയം ഉളവായാൽ, അതിൽ അത്ഭുതമില്ല. അണുവൈദ്യുതീനിലയങ്ങൾ നിർമിക്കുന്നതിനുള്ള ചെലവിൽ വന്നുകൂടിയ വദ്ധനയും വിമർശകർ ചൂണ്ടിക്കാണിക്കും. താരാപൂർ അണുവൈദ്യുതീനിലയം പണിയുമ്പോൾ, ഒരു കിലോവാട്ടു് വൈദ്യുതിക്കു് 1600 രൂപ എന്ന തോതിലായിരുന്നു മൂലധനനിക്ഷേപം. കല്പാക്കത്തു് ഒരു കിലോവാട്ടു് വൈദ്യുതിക്കു് 5000 രൂപ എന്ന തോതിൽ വർദ്ധിച്ചു. നറോറയിലും കക്രപറിലും ഈ ചെലവു് 8,500 രൂപയായിരിക്കുമെന്നാണു പ്രതീക്ഷ. അണുവൈദ്യുതീനിലയങ്ങളുടെ പ്രവർത്തനചരിത്രം ആശാവഹമായിരുന്നെങ്കിൽ ചെലവിലെ

ഈ വർധന സാധൂകരിക്കാമായിരുന്നു. ഒരു പുതിയ സാങ്കേതികവിദ്യയുടെ പ്രാരംഭകാലത്ത് അപ്രതീക്ഷിതങ്ങളായ പ്രയാസങ്ങൾ ഉണ്ടാവുന്നതു മനസ്സിലാക്കാം. പക്ഷേ, കുഴപ്പങ്ങൾ ഉണ്ടാവുമ്പോൾ അണു–ശക്തിവകുപ്പിലെ അധികൃതർ അവ മറച്ചുവയ്ക്കാതിരിക്കുകയെങ്കിലും വേണം. 'സംഗതി ഭംഗിയായി നടക്കുന്നു' എന്ന് അവർ എപ്പോഴും നടിക്കുന്നതുകൊണ്ട് ഒരു കാര്യവുമില്ല.'

അണുവൈദ്യുതിയുടെ അടിസ്ഥാനപ്രശ്നങ്ങളെപ്പറ്റി വ്യാപകവും ഉദ്ബുദ്ധവുമായ ചർച്ച ദേശീയതലത്തിൽ നടത്താതെ, അണുവൈദ്യുതീനിർമാണവികസനത്തിനു് ഉദ്യോഗസ്ഥതലത്തിൽ (മന്ത്രിതലത്തിലും) ധൃതിപിടിക്കുന്നതു് ആത്മഹത്യാപരമായിരിക്കും.

ഒരു അണുവൈദ്യുതീനിലയത്തിന്റെ ഭീഷണി തലയ്ക്കു മീതെ തൂങ്ങിക്കിടക്കേ, കേരളീയർ ഈ കാര്യങ്ങളെപ്പറ്റി വ്യാപകമായി പഠിക്കുകയും അഗാധമായി ചിന്തിക്കുകയും വേണം; വിശ്വസിക്കാൻ കൊള്ളാവുന്നവരെന്നു നമ്മുടെ മന്ത്രിമാരും ഉദ്യോഗസ്ഥന്മാരും തെളിയിച്ചിട്ടില്ലാത്ത നിലയ്ക്കു പ്രത്യേകിച്ചും.

(11 സെപ്റ്റംബർ, 1986)

# 30. കേരളത്തിൽ അണുവൈദ്യുതീനിലയം

മധ്യപ്രദേശ് ഇലക്ട്രിസിറ്റി ബോർഡിൽ ചീഫ് എൻജിനീയർ ആയിരുന്ന ശ്രീ എം. കെ. ആർ. മേനോൻ കൊച്ചി വാണിജ്യ–വ്യവസായമണ്ഡലത്തിനുവേണ്ടി തയ്യാറാക്കിയ ഒരു റിപ്പോർട്ടിൽ, കേരളത്തിൽ ഒരു അണുവൈദ്യുതീനിലയം സ്ഥാപിക്കണമെന്ന് ശക്തിയായി ആവശ്യപ്പെട്ടിട്ടുള്ളതായി ജൂലൈ 16–ലെ 'മാതൃഭൂമി'യിൽ കണ്ടു. വനവിധ്വംസനത്തിൻഫലമായി ജലസംഭരണപ്രദേശങ്ങളിലെ മണ്ണിനു് മഴവെള്ളം ഉൾക്കൊള്ളാനുള്ള കഴിവ് തുലോം നഷ്ടപ്പെട്ടുകഴിഞ്ഞിട്ടുള്ളതുകൊണ്ട്, നമ്മുടെ ജലവൈദ്യുതീനിലയങ്ങൾ ഇനിയങ്ങോട്ട് പൂർണമായ ഉല്പാദനക്ഷമതയോടെ പ്രവർത്തിക്കുമെന്നു കരുതുക വയ്യ. അടുത്ത പ്രദേശങ്ങളിലെങ്ങും കല്ക്കരി കുഴിച്ചെടുക്കാത്തതു നിമിത്തം, കേരളത്തിൽ തെർമൽ പവർസ്റ്റേഷനുകൾ ആദായകരമായിരിക്കയില്ല. അവ ഉണ്ടാക്കുന്ന വായുമലിനീകരണമെന്ന പ്രശ്നം വേറെയുമുണ്ട്. അണുവൈദ്യുതീനിലയങ്ങൾക്കുള്ള ചെലവ് കേന്ദ്രം വഹിക്കുമെന്നതിനാൽ, കേരളം ചെയ്യേണ്ടതു് ഒരു അണുവൈദ്യുതീനിലയം ഇവിടെ സ്ഥാപിക്കാൻ കേന്ദ്രത്തിൽ സമ്മർദം ചെലുത്തുകയാണ്. ശ്രീ എം. കെ. ആർ. മേനോന്റെ റിപ്പോർട്ടിലെ വാദഗതികൾ ഏതാണ്ട് മേൽക്കാണിച്ച തരത്തിലാണെന്നു് പത്രത്തിലെ റിപ്പോർട്ടിൽനിന്നു മനസ്സിലാവുന്നു.

വൈദ്യുതീക്ഷാമം നിമിത്തം പല യാതനകൾ അനുഭവിക്കുന്ന കേരളത്തിലെ സാധാരണജനങ്ങൾ, കൂടുതൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള ഏതു പരിശ്രമത്തിനും കണ്ണടച്ചു പിന്തുണ നൽകാനാണ് സാദ്ധ്യത. സർക്കാരിന്റെ പണം വലിയ തോതിൽ പങ്കിട്ടെടുക്കുന്നതിനുള്ള മഹായജ്ഞമാണ് ഏതു വൻകിട നിർമ്മാണവുമെന്നതിനാൽ, ഒരു അണുവൈദ്യുതീനിലയം കേരളത്തിൽ സ്ഥാപിക്കുന്നതിൽ ഇവിടത്തെ വ്യവസായികൾക്കും കോൺട്രാക്ടർമാർക്കും എൻജിനീയർമാർക്കും രാഷ്ട്രീയപ്പാർട്ടികൾക്കും അങ്ങേയറ്റത്തെ താല്പര്യം കാണും. നമ്മുടെ ഇലക്ട്രിസിറ്റി ബോർഡും അതിന്റെ ചുമതല വഹിക്കുന്ന മന്ത്രിയും, കേരളസർക്കാരും